Draft #4 of File 178628/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 08-May-2023 12:01 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിവിധ പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ - വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ് - അദ്ധ്യാപകർ/ വിദ്യാർത്ഥികൾ വിവിധ ആവശ്യങ്ങൾക്കായി സർവകലാശാലയിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതായ രേഖകൾ - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5070/AC A 1/2023/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 08.05.2023

---

*പരാമർശം:*-10.04.2023 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ . 302/22.04/178628/AC A1-2/2021

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസ്, അദ്ധ്യാപകർ/ വിദ്യാർത്ഥികൾ വിവിധ ആവശ്യങ്ങൾക്കായി സർവ്വകലാശാലയിൽ സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം ഹാജരാക്കേണ്ടതായ രേഖകൾ എന്നിവ സംബന്ധിച്ച് 10.04.2023-ന് കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (1) പ്രകാരം, താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

*"1.വിവിധ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന്, മെടിക്കുലേഷൻ, മൈഗ്രേഷൻ എന്നീ ഇനങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കുന്നത് ഒഴിവാക്കുന്നതിനും, ഈ ഇനങ്ങളിൽ ഈടാക്കിയിരുന്ന ഫീസ് കൂടി ഉൾപ്പെടുത്തി അഡ്മിഷൻ ഫീസ് പരിഷ്കരിക്കുന്നതിനും.*

*2.വിവിധ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന്, ടി.സി, മൈഗ്രേഷൻ, കോഴ്സ് ആൻഡ് കോണ്ടക്ട് സർട്ടിഫിക്കറ്റുകൾ ഒഴിവാക്കുന്നതിന്.*

*3.അദ്ധ്യാപകർ/ വിദ്യാർത്ഥികൾ വിവിധ ആവശ്യങ്ങൾക്കായി സർവ്വ കലാശാലയിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഹാജരാകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ/ അനുബന്ധ രേഖകൾ എന്നിവയിൽ ഒഴിവാക്കാവുന്നതായ / കൂട്ടിച്ചേർക്കാവുന്നതായ രേഖകൾ ഏതൊക്കെയെന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിന്."*

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എ.ആർ/ഡി.ആർ/ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / ഐ.ക്യു.എ .സി /ഐ.റ്റി സെൽ1/ 2/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6.വിവധ ടാബുലേഷൻ/അക്കാദമിക് സെക്ഷനുകൾ
7.എസിസി1/2/ആക്ഷൺ ടേക്കൺ റിപ്പോർട്ട്/ ഫ്രണ്ട് ഓഫീസ്
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 178628/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 08-May-2023 12:01 PM - Page 2